Page 1 of 2

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വാമനപുരം നിയോജകമണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിന് കീഴിൽ നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധം 1* ആയും പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധം 2 ആയും ചേർക്കുന്നു.

(ബി) ഈ സർക്കാർ പുതുതായി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.

ഷൊർണ്ണൂർ മണ്ഡലത്തിലെ പദ്ധതികൾ

75(2111) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിൽ പട്ടികജാതി- പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പിന്റെ ക്ഷേമ പദ്ധതികളായ ഭൂരഹിത-ഭവനരഹിത പദ്ധതി, ഭവന പൂർത്തീകരണ ധനസഹായ പദ്ധതി, ഭവന നിർമ്മാണം (സ്പിൽ ഓവർ) പദ്ധതി, പഠനമുറി നിർമ്മാണ ധനസഹായ പദ്ധതി, വിവാഹ ധനസഹായം, മിശ്രവിവാഹ ധനസഹായം, ചികിത്സാ ധനസഹായം, വാത്സല്യനിധി, ഏകവരുമാനദായകന്റെ മരണത്തെതുടർന്നുള്ള ധനസഹായം, സ്വയംതൊഴിൽ വായ്പാ പദ്ധതി, അംബേദ്കർ ഗ്രാമ പദ്ധതി, വിദ്യാഭ്യാസ പദ്ധതികളായ ഇ-ഗ്രാന്റ്സ്, ധനസഹായം, ലംപ്സം ഗ്രാന്റ്, പ്രൈമറി-സെക്കണ്ടറി എയ്ഡ്, അയ്യങ്കാളി സ്കോളർഷിപ്പ് തുടങ്ങി വകുപ്പ് നടപ്പിലാക്കുന്ന എല്ലാ പദ്ധതികളും ഷൊർണ്ണൂർ മണ്ഡലത്തിൽ ഉൾപ്പെടുന്ന പഞ്ചായത്തുകളിലും നടപ്പിലാക്കുന്നുണ്ട്. ഷൊർണ്ണൂർ മണ്ഡലത്തിൽ പട്ടികവർഗ്ഗക്കാർ ഇല്ലാത്തതിനാൽ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

(ബി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) ഇതിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചെന്നും പൂർത്തീകരിക്കാത്തവ എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി &സി) വിവാഹ ധനസഹായം 2021-22 വർഷത്തിൽ 69 പേർക്ക് അനുവദിച്ചിട്ടുണ്ട്. ആയതിൽ 30 പേർക്ക് തുക അനുവദിച്ചു. ശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മിശ്രവിവാഹ ധനസഹായം 7 പേർക്ക് അനുവദിച്ചിട്ടുണ്ട്. ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ചികിത്സാ ധനസഹായം 14 പേർക്ക് അനുവദിച്ചത് പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. പഠനമുറി നിർമ്മാണ ധനസഹായം, ഭ്രൂരഹിത ധനസഹായം എന്നിവ നടപ്പുവർഷം നടപ്പിലാക്കുന്നതിന് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. വിദ്യാഭ്യാസ ധനസഹായ പദ്ധതികളായ ലംപ്സംഗ്രാന്റ്, പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് എന്നിവ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വിതരണം ചെയ്തിട്ടുണ്ട്. അംബേദ്കർ ഗ്രാമപദ്ധതി 2019-20 വർഷം നടപ്പിലാക്കുന്നത് ചളവറ പഞ്ചായത്തിലെ ചെട്ടിത്തൊടി കോളനിയിലാണ്. പ്രസ്തുത പ്രവൃത്തി നടപ്പു സാമ്പത്തിക വർഷംതന്നെ പൂർത്തീകരിക്കുന്നതാണ്.

നെന്മാറ മണ്ഡലത്തിലെ ഭ്രൂരഹിതരായ ആദിവാസികൾ

76(2112) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിൽ ഭ്രൂരഹിതരായ എത്ര ആദിവാസി വിഭാഗക്കാർക്കാണ് വനാവകാശ നിയമപ്രകാരം ഭൂമി അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

നെന്മാറ മണ്ഡലത്തിൽ കേന്ദ്ര വനാവകാശ നിയമം, 2006 പ്രകാരം 428 പട്ടികവർഗ്ഗക്കാർക്ക് കൈവശാവകാശരേഖ നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിൽ നിലവിൽ എത്രപേർക്കാണ് സ്വന്തമായി ഭൂമിയില്ലാത്തതെന്ന് വിശദമാക്കുമോ?

നെന്മാറ മണ്ഡലത്തിൽ നിലവിൽ സ്വന്തമായി ഭൂമി ഇല്ലാത്തവർ 222 പേരാണ്.

(സി) അപ്രകാരം ഭൂമിയില്ലാത്ത മുഴുവൻപേർക്കും ഭൂമി അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; ആയത് സംബന്ധിച്ച വിശദാംശം നൽകുമോ?

ഭ്രൂരഹിതരായ മുഴുവൻ കുടുംബങ്ങൾക്കും ഭൂമി ലഭ്യമാക്കുന്നതിനായി ഭൂമിയുടെ ലഭ്യതയ്ക്കനുസരിച്ച് വനാവകാശ നിയമം, ഭൂമി വിലയ്ക്കുവാങ്ങി നൽകുന്ന പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, റവന്യൂ ഭൂമി വിതരണം എന്നീ പദ്ധതികളിലായി ഭൂമി വിതരണം ചെയ്യുന്ന നടപടികൾ പുരോഗമിച്ചുവരുന്നുണ്ട്.